# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2569 12.03.2018 - ൽ മറുപടിക്ക്

## കോങ്ങാട് മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.വി.വിജയദാസ് | : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കോങ്ങാട് മണ്ഡലത്തിൽ കിഫ്ബിയിലൂടെ പ്രഖ്യാപിച്ചിട്ടുള്ള പൊതുമരാമത്ത് പദ്ധതികൾ എതെല്ലാമാണ്; വിശദവിവരം നൽകാമോ ;<br><br>(ബി) ഇതിൽ എത്ര പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്; വിശദവിവരം നൽകാമോ; | (എ)<br>&<br>(ബി) | കോങ്ങാട് മണ്ഡലത്തിൽ കിഫ്ബിയിൽ ഏറ്റെടുക്കാൻ പ്രഖ്യാപിച്ചിട്ടുള്ള പൊതുമരാമത്ത് പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു. ഇതിൽ ചിറക്കൽ - കാഞ്ഞിരപ്പുഴ റോഡ് കി. മീ. 0/000 മുതൽ 8/000 വരെ അഭിവൃദ്ധിപ്പെടുത്തൽ എന്ന പ്രവൃത്തിക്ക് 30.26 കോടിയുടെ സാമ്പത്തിക അംഗീകാരം ലഭിച്ചു. |
| (സി) പ്രസ്തുത മണ്ഡലത്തിലെ എല്ലാ കിഫ്ബി പദ്ധതികളുടേയും ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ? | (സി) | 2016 - 2017, 2017 - 2018 എന്നീ വർഷങ്ങളിൽ ആകെ അനുവദിച്ച 5 പ്രവൃത്തികളിൽ 3 പ്രവൃത്തികളുടെ ഡി. പി. ആർ സമർപ്പിച്ചിട്ടുണ്ട്. എഴുത്തുംപാറ പാലം, ഓടന്തൂർ പാലം എന്നീ പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷനുവേണ്ടി ടെണ്ടർ ക്ഷണിച്ചെങ്കിലും പ്രവൃത്തി ഏറ്റെടുക്കാൻ ആളില്ലാത്തതിനാൽ യഥാസമയം ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടപ്പിലാക്കുവാൻ കഴിഞ്ഞില്ല. |

വീണ്ടും ടെണ്ടർ നടത്തുകയും ഇപ്പോൾ പ്രവൃത്തി ഏറ്റെടുത്ത കരാറുകാർ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുമുണ്ട്. ആയതിന്റെ ഡിസൈൻ ലഭ്യമാകുന്നതിനു വേണ്ടി പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിന് കൈമാറിയിട്ടുണ്ട്. ഡിസൈൻ ലഭ്യമായാൽ ഉടൻ തന്നെ വിശദമായ പ്രോജക്ട് റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

| വർഷം 2016–17 | പ്രവൃത്തിയുടെ പേര് | തുക |
|---|---|---|
| 1 | കുണ്ടുകുന്നിനേയും അരപ്പാറയേയും ബന്ധിപ്പിക്കുന്ന എഴുത്തുംപാറ പാലം | 15 കോടി |
| 2 | പറളി - കോട്ടായി റോഡിൽ കി.മീ. 1/400-ൽ ഭാരതപ്പുഴക്ക് കുറുകെ ഓടനൂർപാലം നിർമ്മാണം | 15 കോടി |
| 3 | കോങ്ങാട് - മണ്ണാർക്കാട് - ടിപ്പുസുൽത്താൻ റോഡ് കി.മീ. 0/000 മുതൽ 16/990 വരെ അഭിവൃദ്ധിപ്പെടുത്തൽ | 15 കോടി |
| 4 | ചിറക്കൽപ്പടി - കാഞ്ഞിരപ്പുഴ റോഡ് കി.മീ 0/000 മുതൽ 8/000 വരെ അഭിവൃദ്ധിപ്പെടുത്തൽ | 10 കോടി |
| വർഷം 201718 | (1) കമ്പ - ചളിക്കടവ് പാലം നിർമ്മാണം | 20 കോടി |

സെക്ഷൻ ഓഫീസർ